കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 10 | ഫെബ്രുവരി 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കരകുളം ഗ്രാമപഞ്ചായത്തിന്റെ പച്ചക്കറിയുടെ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു

4 പോഷകസമൃദ്ധിയ്ക്ക് നാടൻ ഇലക്കറികൾ

4 വിള ഇൻഷുറൻസ് പദ്ധതിയും, എയിംസ് (AIMS) പോർട്ടൽ സേവനങ്ങളും

## മോഡി ഗ്യാരന്റി' യിൽ കർഷകരില്ലാ എന്ന് കേന്ദ്രബഡ്ജറ്റിലൂടെ വെളിവാക്കപ്പെട്ടു : ശ്രീ. പി പ്രസാദ്

കൃഷിക്കാർക്കും കാർഷിക മേഖലയ്ക്കും നൽകിയ "മോഡി ഗ്യാരന്റി" തകർന്ന കാഴ്ചയാണ് കേന്ദ്രബഡ്ജറ്റിൽ കാണാനായതെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ് പ്രസ്താവിച്ചു.

കാർഷിക മേഖല ഇപ്പോൾ അനുഭവിക്കുന്ന പ്രതിസന്ധികൾ ഒന്നും തന്നെ പരിഗണിക്കാതെ തയ്യാറാക്കിയ ബജറ്റാണ് ധനമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചത്. മോദി സർക്കാർ പലതവണയായി കർഷകർക്ക് നൽകിവന്ന വാഗ്ദാനങ്ങൾ എല്ലാം പാഴ് വാക്കുകളായി മാറി . കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകളോ, പ്രഖ്യാപനങ്ങളോ, പുതിയ പദ്ധതികളോ, വർധിപ്പിച്ച ബജറ്റ് വിഹിതങ്ങളോ ഈ വർഷത്തെ ബജറ്റിൽ ഉണ്ടായില്ല.

കാർഷിക വിളകളുടെ ഉത്പാദന ചിലവ് ഗണ്യമായി വർധിക്കുകയും, രാസവളത്തിന്റെ വില അമിതമായി വർധിച്ചു വരുകയും ചെയ്യുന്ന സാഹചര്യത്തിൽ രാസവള സബ്സിഡിയിനത്തിൽ 11,000 കോടിയാണ് വെട്ടിക്കുറച്ചിട്ടുള്ളത്. ഇത് കാർഷിക മേഖലയിൽ ഉണ്ടാക്കാവുന്ന ആഘാതം ഒട്ടും ചെറുതായിരിക്കില്ല.

ദേശീയ തലത്തിൽ കാർഷിക മേഖലയുടെ വളർച്ച നിരക്ക് കുറഞ്ഞു വരുന്ന പ്രവണത കണ്ടിട്ടും അതെല്ലാം മോദി സർക്കാർ അവഗണിക്കുകയാണ് . എല്ലാത്തവണത്തെയും പോലെ ഈ വർഷവും ബജറ്റിൽ തുക വകയിരുത്തിയ ശേഷം പുതുക്കിയ കണക്ക് അവതരിപ്പിക്കുന്ന അവസരത്തിൽ തുക വെട്ടിക്കുറയ്ക്കുന്ന രീതിയാണ് ഉണ്ടാവുക. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2024ൽ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് 2022-23 രണ്ടാം പാദത്തിൽ 2.5% ആയിരുന്നത് 2023-24 രണ്ടാം പാദത്തിൽ 1.2% ആയി കുറയുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. നാല് ശതമാനം പലിശക്ക് കാർഷിക വായ്പ കർഷകർക്ക് നൽകുന്ന പദ്ധതിക്ക് ബജറ്റിൽ 23,000 കോടി വകയിരുത്തിയിരുന്നത് പുതുക്കിയ ബജറ്റിൽ 18500 രൂപയാക്കി കുറച്ചു. ആർ.കെ.വി.വൈ പദ്ധതിക്ക് 2023- 24 ൽ 7150.35 കോടി വകയിരുത്തിയിരുന്നത് 6150.35 രൂപയാക്കി കുറച്ചു. ഈ വർഷം അത് 7553 കോടിയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഗണ്യമായ കുറവ് വരുത്തുമെന്നാണ് മുൻകാല അനുഭവങ്ങൾ നമ്മളെ പഠിപ്പിക്കുന്നത്. 10,000 FPO കളുടെ വികസനത്തിനായി കഴിഞ്ഞവർഷം 955 കോടി വകയിരുത്തിയത് ഈ വർഷം 581.67 കോടിയായി വെട്ടിച്ചുരുക്കി.

റബ്ബർ ബോർഡിന്റെ ഫണ്ട് 268.76 കോടിയിൽ നിന്നും 244.29 കോടിയായി വെട്ടിച്ചുരുക്കിയത് റബ്ബർ മേഖലയിലെ കർഷകരേയും, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ വിഹിതം 39.13 കോടിയിൽ നിന്ന് 35 കോടിയാക്കി വെട്ടിച്ചുരുക്കിയത് നാളീകേര കർഷകരേയും ഏറെ നിരാശപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര സർക്കാർ കൊട്ടിഘോഷിക്കുന്ന പി എം കിസാൻ പദ്ധതിക്ക് യാതൊരു വിധ വർദ്ധനവും വരുത്തിയിട്ടില്ല .



കർഷകരെ ചേർത്ത് പിടിച്ച് കൊണ്ട് ലാൽ ബഹദൂർ ശാസ്ത്രി മുന്നോട്ട് വെച്ച ജയ് ജവാൻ , ജയ് കിസ്സാൻ എന്ന മുദ്രാവാക്യത്തോടൊപ്പം ചില പദങ്ങൾ ചേർത്ത്കൊണ്ട് കർഷകരെ കബളിപ്പിക്കാൻ കഴിയില്ല. അവർക്ക് വേണ്ടത് അന്തസ്സാർന്ന ജീവിതം നയിക്കുന്നതിനാവശ്യമായ സർക്കാർ കൈത്താങ്ങാണ്. അത് നൽകുന്നതിൽ കേന്ദ്ര സർക്കാർ വീണ്ടും പരാജയപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയെ തീർത്തും അവഗണിക്കുന്ന നരേന്ദ്ര മോഡി സർക്കാരിനെതിരെ കർഷകർ പ്രതികരിക്കുക തന്നെ ചെയ്യുമെന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് അഭിപ്രായപ്പെട്ടു.

ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# ക്ഷീരവികസന വകുപ്പ് മാധ്യമ അവാർഡ് തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് 2 അവാർഡുകൾ




2023-24 വർഷത്തെ ക്ഷീരവികസന വകുപ്പിന്റെ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചതിൽ മികച്ച പത്ര റിപ്പോർട്ടിനുള്ള അവാർഡും മികച്ച ദൃശ്യമാധ്യമ ഫീച്ചറിനുള്ള അവാർഡും തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് ലഭിച്ചു. 'യോഗർട്ട് ഇനി വീട്ടിൽ' എന്ന ശീർഷകത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ അസിസ്റ്റന്റ് ഡയറക്ടർ സി.എസ് അനിത മലയാള മനോരമ ദിന പത്രത്തിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടാണ് അവാർഡിന് അർഹമായത്. മികച്ച ദൃശ്യമാധ്യമ ഫീച്ചറിനുള്ള അവാർഡ് 'പാൽ വഴിയിലൂടെ പറുദീസയിൽ എത്തിയ വിധു രാജീവ്' എന്ന ശീർഷകത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സംപ്രേഷണം ചെയ്ത ഫീച്ചറാണ് അവാർഡിനർഹമായത്. വീഡിയോ ചിത്രത്തിന്റെ നിർമ്മാണം ശ്രീമതി ആശ എസ് കുമാർ, സംവിധാനം ശ്രീമതി അനിത സി എസ്, വീഡിയോഗ്രാഫി ഷിജിൻ വി ജെ, എഡിറ്റിംഗ് നിതിൻ പയസ് എന്നിവരാണ് നിർവഹിച്ചത്.

# കൊടുമൺ റൈസ് മിൽ

കേരളത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സർക്കാർ വിവിധ പദ്ധതികൾ അപ്പിലാക്കി വരുന്നു. പ്രാദേശികമായി നെല്ല് സംസ്ക്കരിച്ച് അരി ജേക്കുന്നതിനുള്ള സൌകര്യങ്ങൾ ഇപ്പോൾ പരിമിതമാണ്. പത്തനംതിട്ട ജില്ലയിൽ കൊടുമൺ. വള്ളിക്കോട് പഞ്ചായത്തുകളിൽ വ്യാപകമായി നെല്ല് കൃഷിയുണ്ട്.

ഇതിൽ കൊടുമൺ പഞ്ചായത്തിൽ കൊടുമൺ ഫാർമേഴ്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കൊടുമൺ റൈസ് എന്ന പേരിൽ ഇപ്പോൾ തന്നെ അരി വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഓയിൽ ഫാമിന്റെ വെച്ചൂരിലുള്ള മില്ലിൽ കൊണ്ടുപോയിട്ടാണ് ഇത് ഇപ്പോൾ സംസ്ക്കരിക്കുന്നത്. ഇത് ഇവിടെ തന്നെ സംസ്ക്കരിക്കുന്നതിനുള്ള ഒരു തദ്ദേശസ്ഥാപനത്തിന്റെ ആദ്യത്തെ പദ്ധതിയാണ് പത്തനംതിട്ട ജില്ലാപഞ്ചായത്തും. കൊടുമൺ ഗ്രാമപഞ്ചായത്തും സംയുക്ത വാർഷിക പദ്ധതിയായി നടപ്പിലാക്കുന്ന കൊടുമൺ റൈസ് മില്ല്.

1.50 കോടി രൂപയാണ് പത്തനംതിട്ട ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. പ്രതിദിനം 2 ടൺ ശേഷിയുള്ള ആധുനിക റൈസ് മില്ലാണിത്. ഭാവിയിൽ ഇതിന്റെ ശേഷി വർദ്ധിപ്പിക്കുവാൻ കഴിയുന്ന തരത്തിലാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ ഉപോൽപ്പന്നമായി ഉമി, തവിട്, മങ്കരി തുടങ്ങിയവ കർഷകർക്ക് കുറഞ്ഞ വിലയിൽ ഇവിടെ നിന്നും ഈ സംരംഭത്തിലൂടെ ലഭ്യമാകുന്നതാണ്. മൂല്യവർദ്ധനവ് കൂടി ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുവാൻ കഴിയുന്നതാണ്.

കൊടുമൺ ഫാർമേഴ്സ് സൊസൈറ്റി വഴി സംഭരിക്കുന്ന നെല്ലാണ് ഇവി സംസ്ക്കരിക്കുന്നത്. കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന നെല്ലിന്റെ വില അപ്പോൾ തന്നെ കർഷകർക്ക് കൈമാറുന്നുണ്ട്. താൽപര്യമുള്ളതും പ്രാപ്തരായതുമായ സഹകരണ സംഘങ്ങൾ ഇത്തരം ചെറിയ മില്ലുകൾ ഏറ്റെടുത്ത് നടത്തുന്നത് കർഷകർക്ക് വളരെയേറെ ഗുണം ചെയ്യുമെന്നത് കൂടാതെ ഗുണനിലവാരമുള്ള ഉത്പ്പന്നം ലഭ്യമാക്കുവാനും കഴിയുന്നതാണ്. കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് എൻജിനീയർ, പന്തളമാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

കേരളത്തിൽ ആദ്യമായി പത്തനംതിട്ട ജില്ലാപഞ്ചായത്തും കൊടുമൺ ഗ്രാമ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന കൊടുമൺ റൈസ്മിൽ ഒരു മാതൃകാ പ്രോജക്ട് ആണെന്നതിൽ സംശയമില്ല.ഇത് വഴി ഒറ്റത്തേക്ക് എന്ന ഗ്രാമ പ്രദേശത്തിന്റെ മുഖഛായ മാറുന്നത് കൂടാതെ കർഷകർക്ക് പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന അരി ലഭ്യമാകുമെന്നും കൂടുതൽ കർഷകരെ കൃഷിയിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു.ഇത് വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂല്യവർദ്ധിത ഉൽപാദനം കൂടി ഉറപ്പാക്കി കർഷകം സാമ്പത്തികമായി മുൻപന്തിയിലാക്കുന്നതിനും സാധിക്കുന്നു.

# കരകുളം ഗ്രാമപഞ്ചായത്തിന്റെ പച്ചക്കറിയുടെ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു



കരകുളം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പൈപ്പ് ലൈൻ റോഡിൽ കൃഷി ചെയ്ത പച്ചക്കറിയുടെ വിളവെടുപ്പ് കൃഷി മന്ത്രി ശ്രീ. പി പ്രസാദ് മന്ത്രി ശ്രീ. ജി. ആർ അനിലിനൊപ്പം ഉദ്ഘാടനം ചെയ്തു. നെടുമങ്ങാട് കൃഷിദർശന്റെ ഭാഗമായി എടുത്ത തീരുമാനമാനത്തിന്റെ അടിസ്ഥാനത്തിലാണ് പൈപ്പ് ലൈൻ റോഡിലെ മാലിന്യം നീക്കം ചെയ്ത് കൃഷി ആരംഭിച്ചത്. കരകുളം ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തി മാതൃകാപരവും അഭിനന്ദനാർഹവുമാണ്.




# കൃഷിവകുപ്പിന്റെ ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിൽ അംഗങ്ങളാകാം

സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ APEDA അംഗീകൃത ജൈവ സാക്ഷ്യപ്പെടുത്തൽ പദ്ധതി ഈ വർഷം മുതൽ ആരംഭിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള പ്രധാന അതോറിറ്റിയാണ് അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA). അപ്പേഡാ അംഗീകരിച്ചിട്ടുള്ള NPOP സ്റ്റാൻഡേർഡ് പ്രകാരമുള്ള തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ പദ്ധതിയ്ക്കാണ് കൃഷിവകുപ്പ് ആരംഭം കുറിച്ചിരിക്കുന്നത്. ഈ ത്രിവത്സര പദ്ധതി പ്രകാരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) ജൈവ സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമങ്ങൾക്കുള്ള ഫീസും, കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചിലവുകളും കൃഷിവകുപ്പ് വഹിക്കുന്നതാണ്. ഇതിന് ആവശ്യമായ അപേക്ഷകൾ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും ഉപയോഗപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെടുത്തിയ ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് അധിക മൂല്യം ലഭിക്കുന്നതിന് സഹായകരമാണ്. ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് വമ്പിച്ച കയറ്റുമതി സാധ്യതകൾ തുറന്നു കൊടുക്കുന്ന ഈ പദ്ധതിയിൽ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് അംഗങ്ങളാകാവുന്നതാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചു.

വിഷ്ണു എസ്.പി.
അഗ്രികൾച്ചറൽ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

# പോഷകസമൃദ്ധിയ്ക്ക് നാടൻ ഇലക്കറികൾ

കാർഷിക പാരിസ്ഥിതിക മേഖലകളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് രൂപീകരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് 'പോഷകസമൃദ്ധി മിഷൻ'. ഉൽപാദനം, വിപണനം, മൂല്യവർദ്ധനവ്, പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

3 വർഷം കൊണ്ടു ലക്ഷ്യത്തിലെത്തുന്ന തരത്തിൽ പ്രത്യേക ക്യാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പാക്കുന്നത്. മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതികളിലൂടെ കാർഷിക, ആരോഗ്യ, സാമൂഹിക മേഖലകളിൽ പുരോഗതി നേടുന്നതിനും, വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇതുവഴി സാധ്യമാകും. വിവിധ വിളകളുടെ ഉത്പാദനത്തെ അടിസ്ഥാനപ്പെടുത്തി മൂന്ന് ഘട്ടങ്ങളിലായി വിഭജിച്ചുകൊണ്ട് ഓരോ ഘട്ടത്തിലും ആവശ്യമായ സമഗ്ര ഇടപെടലുകൾ നടത്തുക, കാർഷിക മേഖലയെ ആധാരമാക്കി പ്രാദേശിക സാമ്പത്തിക വികസനം ആസൂത്രണം ചെയ്ത് കർഷകരുടെ വരുമാനം ഉയർത്തുക, കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷൻ പ്ലേറ്റ് തയ്യാറാക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ സവിശേഷതകളാണ്. കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതി ആദ്യ വർഷത്തിൽ സംസ്ഥാനത്തെ 25 ലക്ഷം കുടുംബങ്ങളെയും 2026-27 സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും ഭാഗമാക്കുവാൻ ലക്ഷ്യം വക്കുന്നു.

പച്ചക്കറി, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പോഷക പ്രാധാന്യമുള്ള വിളകളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക, പയർ വർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികയ്ക്ക് അനുസൃതമായി വർദ്ധിപ്പിക്കുക, കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക, ഉത്തമ കൃഷി രീതികളിലൂടെയും ജൈവകൃഷി രീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക, പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിതശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഏതൊരു ജനതയുടേയും ആരോഗ്യപരവും പോഷകപരമായ അവസ്ഥ നിർണ്ണയിക്കുന്നതിൽ ഭക്ഷണക്രമം



വള്ളിച്ചീര

പ്രധാന പങ്കുവഹിക്കുന്നു. ICMR ഫുഡ് പ്ലേറ്റ് ശുപാർശ പ്രകാരം ഒരാൾ ഒരു ദിവസം 350 ഗ്രാം പച്ചക്കറികളും 150 ഗ്രാം പഴവർഗ്ഗങ്ങളും, ധാന്യങ്ങളും ചെറുധാന്യങ്ങളും കൂടി 270 ഗ്രാമും പയറുവർഗ്ഗങ്ങൾ, ഇറച്ചി, മീൻ, മുട്ട എന്നിവ 90 ഗ്രാമും നട്സ് 20 ഗ്രാം, എണ്ണ, കൊഴുപ്പ് എന്നിവ 27 ഗ്രാം പാലുല്പന്നങ്ങൾ 300ml, വീതവും കഴിക്കണം. 350 ഗ്രാം പച്ചക്കറികളിൽ 150 ഗ്രാം എങ്കിലും ഇലവർഗ്ഗങ്ങളായിരിക്കണമെന്നാണ് കണക്ക്. വിവിധ പോഷകമൂലകങ്ങളായ ജീവകം എ, ബി, സി, ധാതു ലവണങ്ങളായ ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ് എന്നിവയുടെ ഉറവിടം കൂടിയാണ് ഇലക്കറികൾ. സുലഭമായി നമുക്ക് ലഭിക്കുന്നതും, വീട്ടിൽ അധിക പരിചരണം കൂടാതെ വളർത്താവുന്നതുമായ ഇലക്കറികൾ നമ്മുടെ ഭക്ഷണക്രമത്തിൽ ധാരാളം ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം. പ്രാദേശികമായി കാണുന്ന ധാരാളം ഇലക്കറികൾ അല്ലെങ്കിൽ നാടൻ ഇലവർഗ്ഗങ്ങൾ ഉണ്ട്. വീട്ടുമുറ്റത്ത് അധികം പരിചരണം കൂടാതെ അടുക്കളത്തോട്ടത്തിൽ ഉൾപ്പെടുത്തുവാൻ പറ്റിയ ഏതാനും ചില ഇലക്കറികൾ പരിചയപ്പെടാം.

## വള്ളിച്ചീര

ബസല്ല ചീര അല്ലെങ്കിൽ ഇന്ത്യൻ സ്പിനാച്ച് എന്നറിയപ്പെടുന്ന വള്ളിച്ചീര രണ്ട് തരമുണ്ട്. ചുവപ്പും പച്ചയും. തണ്ടു മുറിച്ചു നട്ടാണ് സാധാരണയായി വള്ളിച്ചീര വളർത്തുന്നത്. ഒന്നരമാസം കൊണ്ട് ചെടി വളർന്ന് വിളവെടുപ്പിനു പാകമാകും.

## സാമ്പാർ ചീര

തണൽ ഇഷ്ടപ്പെടുന്ന വിളയായതുകൊണ്ടുതന്നെ അടുക്കളത്തോട്ടത്തിൽ എവിടെ വേണമെങ്കിലും ഉൾപ്പെടുത്താം. തണ്ട് മുറിച്ചു നടാം. മാംസളമായ തണ്ടുകളും ഇലകളും ഭക്ഷ്യയോഗ്യമാണ്. ഒന്നരമാസം കൊണ്ട് വിളവെടുപ്പ് നടത്താം.

## പൊന്നാങ്കണിച്ചീര

നിലത്ത് പടർന്നു വളരുന്ന ഇവ ചുവപ്പ്, പച്ച, ബ്രൌൺ എന്നിങ്ങനെ പല വർണ്ണങ്ങളിൽ കാണപ്പെടുന്നു. ഇളം തണ്ടുകളും ഇലകളും മുറിച്ചെടുത്ത് ഉപയോഗിക്കാം. തണ്ടു മുറിച്ചുതന്നെയാണ് പൊന്നാങ്കണ്ണിച്ചീരയും നടേണ്ടത്. ഒന്നരമാസം കൊണ്ട് ആദ്യ



സാമ്പാർ ചീര



പൊന്നാങ്കണിച്ചീര



വെള്ളച്ചീര

വിളവെടുപ്പ് നടത്താം. ധാരാളം ധാതുലവണങ്ങളുടെ കലവറയാണ് ഈ സസ്യം.

### വെള്ളച്ചീര

കാങ്ങ്കോങ്ങ് എന്ന പേരിലറിയപ്പെടുന്ന നിലത്ത് പടർന്നു വളരുന്ന ഒരു ചെടിയാണ് വെള്ളച്ചീര. ഈർപ്പമുള്ള സ്ഥലത്താണ് ഇവ കൂടുതൽ വളരുക. തണ്ടും ഇലകളും ഭക്ഷ്യയോഗ്യമാണ്. വിത്ത് വഴിയോ തണ്ടുകൾ മുറിച്ചുനട്ടോ ഇവ വളർത്തിയെടുക്കാം.

### മധുരച്ചീര

ബഹുവർഷവിളയായ മധുരച്ചീര ചെക്കുർമാനിസ് എന്ന പേരിലറിയപ്പെടുന്നു. കുറ്റിച്ചെടിയായി വേലിയായോ നടപ്പാതകളുടെ വശങ്ങളിലായോ ഇവ വച്ചുപിടിപ്പിച്ച് അടുക്കളത്തോട്ടം അലംകൃതമാക്കുകയും ചെയ്യാം. തണ്ടുകൾ മുറിച്ച് നട്ടാൽ നാല് മാസത്തിനുള്ളിൽ വിളവെടുപ്പ് നടത്താം.

### തഴുതാമ

ചുവപ്പ് പൂക്കളുള്ള ഇനമാണ് ഇലക്കറിയായി ഉപയോഗിക്കുന്നത്. പടർന്നു വളരുന്ന ഒരു ഔഷധച്ചെടി കൂടിയാണ് തഴുതാമ. ഇല സാധാരണ തോരൻ വച്ച് കഴിക്കുന്നത് പല രോഗങ്ങൾക്കും പ്രതിവിധികൂടിയാണ്.

### പൊന്നാവിരം ചീര

പൊൻതകര എന്ന വിളിപ്പേര് കൂടി പൊന്നാവിരം ചീരയ്ക്കുണ്ട്. ഒന്നര മീറ്ററോളം ഉയരത്തിൽ വളരുന്ന ഇവ ഔഷധഗുണമുള്ള ചെടികൂടിയാണ്.

### കുടങ്ങൽ

നിലത്ത് പടർന്നു വളരുന്ന ഒരു ബഹുവർഷവിളയാണ് ബുദ്ധിച്ചീര എന്നറിയപ്പെടുന്ന കുടങ്ങൽ. ഈർപ്പമുള്ള സ്ഥലത്ത് ഇവ നന്നായി വളരും. ഇളം തണ്ടും ഇലകളും ഭക്ഷ്യയോഗ്യമാണ്.

ഇത്തരത്തിലുള്ള ധാരാളം നാടൻ ഇലവർഗങ്ങൾ നമ്മുടെ ചുറ്റിലും കാണപ്പെടുന്നുണ്ട്. ഇവ നമ്മുടെ നിത്യാഹാരത്തിന്റെ ഭാഗമാക്കുവാൻ കഴിഞ്ഞാൽ സർക്കാർ ലക്ഷ്യമിടുന്ന പോഷക സമൃദ്ധിയ്ക്കു അതൊരു മുതൽക്കൂട്ട് തന്നെയാകും.




തഴുതാമ



പൊന്നാവിരം ചീര



കുടങ്ങൽ



മധുരച്ചീര

# വിള ഇൻഷുറൻസ് പദ്ധതിയും, എയിംസ് [AIMS] പോർട്ടൽ സേവനങ്ങളും

**വിഷ്ണു എസ്.പി.**
അഗ്രികൾചറൽ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

കാലാവസ്ഥാ വ്യതിയാനങ്ങൾ പ്രവചനാതീതമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ് നാം കാണുന്നത്.പ്രകൃതിയോടും, മാറുന്ന കാലാവസ്ഥയോടും മല്ലിട്ടുകൊണ്ടുള്ള ജീവിതമാണ് കർഷകർ നയിക്കുന്നത്. വരൾച്ച, വെള്ളപ്പൊക്കം, വന്യജീവികളുടെ ആക്രമണം തുടങ്ങി പ്രതികൂല ഘടകങ്ങൾ അനവധിയാണ്. ഇത്തരം കാലാവസ്ഥാ വ്യതിയാനങ്ങൾ കൃഷിയ്ക്കും കർഷകനും മാത്രമല്ല, നാടിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് തന്നെ വൻ നഷ്ടമാണ് സൃഷ്ടിക്കാറുള്ളത്.

കഴിഞ്ഞ കുറേ വർഷങ്ങളായി വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് തുടങ്ങി പല രൂപത്തിൽ പ്രകൃതിക്ഷോഭങ്ങൾ കാർഷിക മേഖലയെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയോടുള്ള വിവേചനരഹിതമായ ഇടപെടലുകൾ കാലാവസ്ഥാ വ്യതിയാനങ്ങൾക്കും ആഗോളതാപനത്തിനും ഇടയാക്കുകയും തൻമൂലം സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ ഇപ്പോഴും തുടർക്കഥയാവുകയും ചെയ്യുന്നു.

എന്നാലും ചിരസ്ഥായിയായ നമ്മുടെ കാർഷിക വിളകളെയും ഭക്ഷ്യസുരക്ഷയുടെ പ്രതീകങ്ങളായ പച്ചക്കറികളെയും ധാന്യവിളകളെയും നമുക്ക് സംരക്ഷിച്ചേ മതിയാകൂ. ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുകയാണ് കർഷകർ ആദ്യം ചെയ്യേണ്ട നടപടി. കർഷകർക്ക് ആശ്വാസമായിട്ടുള്ള ഒരു പദ്ധതിയാണ് വിള ഇൻഷുറൻസ് പദ്ധതി.

പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുക എന്നതാണ് കാർഷിക വിള ഇൻഷുറൻസിന്റെ പ്രധാന ലക്ഷ്യം. പ്രീമിയം തുക അടച്ച് ഏഴ് ദിവസത്തിനുള്ളിൽ മാത്രമേ കർഷകന് ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുകയുള്ളൂ. വാഴ, നെല്ല്, കുരുമുളക്, റബ്ബർ, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മച്ചീനി, ചേന, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി തുടങ്ങിയ വ്യത്യസ്തമായ 27 ഇനം വിളകൾക്ക് ഇൻഷുറൻസ് പദ്ധതി ബാധകമായിരിക്കും.

കാറ്റ് , വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്,കടലാക്രമ ണം, ഇടിമിന്നൽ,കാട്ടുതീ, വന്യമൃഗങ്ങളുടെ ആക്രമണം എന്നീ പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കും.



## കാർഷിക വിളകൾ എങ്ങനെ ഇൻഷ്വർ ചെയ്യാം?

മൂന്ന് തരം വിള ഇൻഷ്വറൻസ് പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രസർക്കാരുമായി സംയോജിച്ച് നടപ്പിലാക്കുന്ന PMFBY, RWBCIS എന്നിവയുമാണവ. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 27 ഇനം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## എങ്ങനെ അംഗമാകാം?

1. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് ഇതേ പോർട്ടലിൽ തന്നെ വിളകൾ ഇൻഷ്വർ ചെയ്യുന്നതിനായി അപേക്ഷിക്കാം.
2. കൃഷി ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധനയ്ക്കുശേഷം കർഷകന് തന്റെ മൊബൈൽ ഫോണിൽ ഒരു മെസ്സേജ് ലഭ്യമാകും.
3. മെസ്സേജിന്റെ അടിസ്ഥാനത്തിൽ കർഷകന് പ്രീമിയം തുക ജില്ലാ സഹകരണ ബാങ്കിലോ ഗ്രാമീണ ബാങ്ക് ശാഖകളിലുമോ അടയ്ക്കാം. അടച്ചശേഷം ഓൺലൈനായി തന്നെ പോളിസിയും കരസ്ഥമാക്കാം.

## ആർക്കെല്ലാം അംഗമാകാം?

1. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് അവരുടെ വിളകൾ ഇൻഷ്വർ ചെയ്യാം.
2. നെൽകൃഷിക്ക് ഓരോ കർഷകനും പ്രത്യേകമായോ ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ പദ്ധതിയിൽ അംഗമാകാം.

## നിബന്ധനകൾ എന്തെല്ലാം?

1. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്കു ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ.
2. വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണ നാശത്തിനു മാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല. എന്നാൽ നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നാശനഷ്ടം ഉണ്ടായാൽ ആയത് പൂർണ്ണ നാശനഷ്ടംമായി കണക്കാക്കി നഷ്ടപരിഹാരം ലഭിക്കുന്നതാണ്.
3. കൃഷിഭൂമിയിലെ വിളകൾ പൂർണമായി ഇൻഷ്വർ ചെയ്തിരിക്കണം.

## വിളനാശം സംഭവിച്ചാൽ എന്ത് ചെയ്യണം?

പ്രകൃതിക്ഷോഭം നിമിത്തം കാർഷികവിളകൾക്ക് വിള നാശം സംഭവിക്കുകയാണെങ്കിൽ കർഷകർ പ്രസ്തുത വിവരം സമീപത്തെ കൃഷിഭവനിൽ അറിയിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. കർഷകർക്ക് നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ സംവിധാനത്തിലൂടെയോ വിവരങ്ങൾ അറിയിക്കാവുന്നതാണ്. www.aims.kerala.gov.in എന്ന വെബ്ബ് പോർട്ടലിലൂടെ വിവരം കർഷകർക്ക് കൃഷിഭവൻ അധികൃതരെ അറിയിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ലഭ്യമാണ്. AIMS ആപ്പ് ഇപ്പോൾ ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യമാണ്.

വിളകൾ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ 10 ദിവസത്തിനുള്ളിലും ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനുള്ളിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സ്ഥലപരിശോധന കഴിയുംവരെ നാശനഷ്ടം സംഭവിച്ച വിളകൾ അതേപടി നിലനിർത്തേണ്ടതാണ്.

അർഹമായ നഷ്ടപരിഹാരം ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്കായിരിക്കും നിക്ഷേപിക്കുക.

## എയിംസ് ( AIMS)പോർട്ടലിൽ എങ്ങനെ

കർഷക രജിസ്ട്രേഷൻ നടത്താം?

AIMS പോർട്ടൽ വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്കായി ഉപയോഗിക്കുന്നതിനായി കർഷകർ ആദ്യം തന്നെ www.aims.kerala.gov.in എന്ന പോർട്ടലിൽ കർഷക രജിസ്ട്രേഷൻ നടത്തിയിരിക്കേണ്ടതാണ്. കർഷകന്റെ ഫോട്ടോ, ഭൂമിസംബന്ധമായ വിവരങ്ങൾ, ബാങ്ക് വിവരങ്ങൾ എന്നിവ അപ്‌ലോഡ് ചെയ്ത് കർഷക രജിസ്ട്രേഷൻ സ്വന്തമായോ അക്ഷയ സെന്ററുകൾ മുഖേനയോ കൃഷിഭവൻ മുഖാന്തിരമോ ചെയ്യാവുന്നതാണ്. കർഷക രജിസ്ട്രേഷൻ നടത്തിയതിന് ശേഷം ലഭിക്കുന്ന യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ചായിരിക്കണം കർഷകർ പിന്നീട് വിളനാശം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റു ആവശ്യങ്ങൾക്കുമായി AIMS പോർട്ടലിൽ പ്രവേശിക്കേണ്ടത്.

## എയിംസ് പോർട്ടൽ സേവനങ്ങൾ എന്തെല്ലാം?

വിള ഇൻഷ്വറൻസ് പദ്ധതിക്ക് മാത്രമല്ല കൃഷിവകുപ്പിന്റെ മറ്റെല്ലാ സേവനങ്ങൾക്കും തന്നെ ഇപ്പോൾ AIMS പോർട്ടലിലെ കർഷക രജിസ്ട്രേഷൻ നിർബന്ധമാക്കിയിരിക്കുകയാണ്. എന്തെല്ലാം സേവനങ്ങൾ ആണ് AIMS പോർട്ടലിലൂടെ ലഭ്യമാകുന്നതെന്ന് നോക്കാം.

a. കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി വെബ് പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം.
b. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കാളിയാകാൻ നേരിട്ട് അപേക്ഷ സമർപ്പിക്കാം.
c. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പോർട്ടൽ വഴി ഇൻഷ്വർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം വന്യജീവികളുടെ ആക്രമണം, രോഗ കീടബാധ എന്നിവമൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം.
d. പ്രകൃതിക്ഷോഭത്തിൽ വിള നാശം സംഭവിച്ചാൽ സംസ്ഥാന കേന്ദ്ര സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിക്കാം.
e. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷിഭവനെ അറിയിക്കാം.
f. നെൽകൃഷിക്കു യോഗ്യമായ നിലത്തിന്റെ ഉടമകൾക്കുള്ള റോയൽറ്റി ആനുകൂല്യത്തിനായി അപേക്ഷിക്കാം
g. കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതിയിൽ അംഗമാകാൻ അപേക്ഷിക്കാം.

പോർട്ടൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് aimsagrikerala@gmail.com എന്ന ഇമെയിൽ വഴിയോ കർഷകർക്ക് അവരുടെ പരിധിയിലുള്ള കൃഷിഭവനിലോ ബന്ധപ്പെടാവുന്നതാണ്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh